പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.263 26.09.2016 ൽ മറുപടിയ്ക്ക്

സപ്ലൈകോ വഴി സ്കൂൾ കുട്ടികൾക്ക് സൗജന്യ അരിവിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനൂപ് ജേക്കബ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) ഓണക്കാലത്ത് സപ്ലൈകോ വഴി സ്കൂൾ കുട്ടികൾക്ക് സൗജന്യ അരിവിതരണം നടത്തുന്ന പദ്ധതി ഈ വർഷം നടത്താൻ കഴിഞ്ഞില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഓണക്കാലത്ത് സപ്ലൈകോ വഴി സ്കൂൾ കുട്ടികൾക്ക് 5 കി.ഗ്രാം സ്പെഷ്യൽ കിറ്റ് ആയി അരി വിതരണം ചെയ്യുന്ന പദ്ധതി ഈ വർഷം നടപ്പിലാക്കിയിട്ടുണ്ട്. FCI യിൽ നിന്നും ടി പദ്ധതി നടത്തിപ്പിനാവശ്യമായ അരി സമയബന്ധിതമായി ലഭ്യമാകാതിരുന്നതിനാൽ 8504.090 മെ. ടൺ അരി പൊതു വിപണിയിൽ നിന്നു വാങ്ങി വിതരണം ചെയ്യേണ്ടിയിരുന്നു. ഇത്രയും ഭീമമായ സ്റ്റോക്ക് കുറഞ്ഞ കാലയളവിനുള്ളിൽ പ്രത്യേകിച്ച് ഓണത്തിനു മുൻപുള്ള 4 ദിവസത്തിനകം വാങ്ങി വിതരണം ചെയ്യുന്നതിന് സാധ്യമായ എല്ലാ നടപടികളും എടുത്തു. ഇതുവരെ ഏതാണ്ട് എല്ലാ സ്കൂളുകളിലും സ്പെഷ്യൽ അരി വിതരണം പൂർത്തിയായിട്ടുണ്ട്. ഇതിനായി 13177 മെട്രിക് ടൺ അരി വേണ്ടിവന്നതായി കാണുന്നു. |
| (ബി) സമയബന്ധിതമായി അരികൊടുക്കാൻ കഴിയാതിരുന്ന സപ്ലൈകോയുടെ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കമോ; | (ബി) ടി പദ്ധതി നടത്തിപ്പിൽ യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. |
| (സി) ഇതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്ക് എതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ